(ബി) 6.8.1996-ലെ സർക്കാർ ഉത്തരവ് (എം.എസ്)415/96/ആർ.ഡി. പ്രകാരം ക്ഷേത്ര ജീവനക്കാരുടെ ശമ്പളഘടന ഏകീകരിക്കുകയും ശമ്പള വർദ്ധനവ് അനുദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മലബാറിലെ ക്ഷേത്ര ജീവനക്കാർക്ക് മെച്ചപ്പെട്ട വേതന ഘടന നൽകുന്നതിനായി മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ട് രൂപീകരിക്കുകയും 1.1.1995 മുതൽ പ്രാബല്യത്തോടെ നടപ്പിലാക്കിയ ശമ്പളപരിഷ്കരണ ആനുകൂല്യങ്ങളും മറ്റും നൽകുന്നതിന് സ്പെഷ്യൽ ഗ്രാന്റായി ഒരു വർഷം ഒരു കോടി രൂപ എന്ന നിരക്കിൽ 4 കോടി (നാല്) രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

93 (2654) ശബരിമല റോഡ് വികസനം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല റോഡ് വികസനത്തിനും ശബരിമലയിൽ ഭക്തന്മാരുടെ വാഹനം പാർക്ക് ചെയ്യുന്നതിനും വനഭൂമി ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ശബരിമല വികസനത്തിനായി എത്ര ഏക്കർ സ്ഥലം വനം വകുപ്പ് ഇതുവരെ വിട്ടുതന്നിട്ടുണ്ട്; ഇപ്പോൾ എത്ര ഹെക്ടർ സ്ഥലം ലഭ്യമാക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്;

(സി) ശബരിമലയിലും പമ്പയിലും പാർക്കിംഗ് ഗ്രൗണ്ട്, വിശ്രമകേന്ദ്രം എന്നിവ നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കാൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശബരിമലയിൽ ചാലക്കയം പമ്പ റോഡ് വികസനത്തിനായി ദേവസ്വം ബോർഡ് ആവശ്യപ്പട്ട 1.922 ഹെക്ടർ വനഭൂമി കേന്ദ്ര അനുമതിയോടെ നൽകിയിട്ടുണ്ട്. റോഡിനായി കൂടുതൽ ഉപയോഗിച്ച വനഭൂമിക്ക് നിയമാനുസൃതമായുള്ള അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ശബരിമല വികസനത്തിനായി ദേവസ്വം ബോർഡിന് കൈമാറാനുദ്ദേശിച്ച് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന 20 ഹെക്ടർ വനഭൂമിയുടെ പ്രൊപ്പോസലിൽ പാർക്കിംഗ് സൗകര്യം കൂടി ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

(ബി) ശബരിമലയിൽ സന്നിധാനത്തും ത്രിവേണിയിലുമായി 49.471 ഹെക്ടർ(122.19 ഏക്കർ വനഭൂമി ദേവസ്വം ബോർഡിന് വിട്ടുകൊടുത്തിട്ടുണ്ട്. ഇതിൽ 35.5 ഹെക്ടർ (87.69 ഏക്കർ) സ്ഥലം വളരെ പണ്ടുമുതലേ ബോർഡിന് കൈമാറിയിട്ടുള്ളതാണ്. ബാക്കി പല ഘട്ടങ്ങളിലായി വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ള സ്ഥലമാണ്. വനസംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഇപ്പോൾ ആവശ്യപ്പെട്ട 37.2813 ഹെക്ടറിൽ 2.325 ഹെക്ടറിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

(സി) ശബരിമലയിൽ തീർത്ഥാടകരുടെ സൗകര്യത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ദേവസ്വം ബോർഡ് 20 ഹെക്ടർ വനഭൂമി ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന് വനസംരക്ഷണ നിയമപ്രകാരമുള്ള കേന്ദ്രാനുമതിക്കായി അപേക്ഷ സമർപ്പിക്കുകയും അനുമതി ലഭിക്കുന്നതിന് തുടർ നടപടികൾ ത്വരിതഗതിയിൽ കൈക്കൊള്ളുകയും വനഭൂമി ലഭ്യമാക്കേണ്ടതിന്റെ അടിയന്തിര സ്വഭാവം കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly